2024
JULY
01
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്നുമുതൽ രാജ്യത്ത് ഭാരതീയ ന്യായ് സംഹിത

**ന്യൂഡൽഹി:** കൊളോണിയൽ കാലത്തെ നിയമങ്ങളിൽ സമഗ്ര മാറ്റവുമായി രാജ്യത്ത് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ. ബ്രിട്ടിഷ് ഭരണകാലത്ത് രൂപപ്പെടുത്തിയ ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടിച്ചട്ടം, ഇന്ത്യൻ തെളിവു നിയമം എന്നിവയ്ക്ക് പകരം ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ തിങ്കളാഴ്ച (2024 ജൂലൈ 1) മുതൽ പ്രാബല്യത്തിൽ.




കുറ്റകൃത്യം നടന്ന പ്രദേശം കണക്കിലെടുക്കാതെ ആദ്യ അന്വേഷണ റിപ്പോർട്ട് തയാറാക്കുന്ന 'സീറോ എഫ്ഐആർ, പൊലീസിന് ഓൺലൈനിൽ പരാതി നൽകാനാകുന്ന സംവിധാനം, എസ്എംഎസിലൂടെ സമൻസ്, ഹീനമായ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ പൂർണമായി വിഡിയൊ ദൃശ്യം പകർത്തൽ തുടങ്ങി ആധുനിക നീതിന്യായ വ്യവസ്ഥയോട് ചേർന്നുപോകുന്നതാണ് പുതിയ നിയമങ്ങൾ. അതേസമയം, രാജ്യത്തിൻറെയും ഭരണഘടനയുടെയും എല്ലാ ധാർമിക മൂല്യങ്ങളും ഉൾക്കൊള്ളുന്നവയാണു പുതിയ നിയമങ്ങളെന്നും കേന്ദ്ര സർക്കാർ വൃത്തങ്ങൾ.

ബ്രിട്ടിഷ് നിയമങ്ങളിൽ ശിക്ഷാ നടപടിക്കാണു പ്രാധാന്യമെങ്കിൽ പുതിയ നിയമങ്ങളിൽ നീതിക്കാണ് പ്രാമുഖ്യമെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഇത് ഇന്ത്യക്കാർ നിർമിച്ച നിയമമാണ്. ഇന്ത്യൻ പാർലമെൻറാണിത് ചർച്ച ചെയ്ത് അംഗീകരിച്ചത്. കൊളോണിയൽ ക്രിമിനൽ നീതി നിയമങ്ങൾക്ക് ഇവിടെ അവസാനമാകുന്നു. കേവലം പേരുമാറ്റമല്ല, ആത്മാവും ശരീരവും സത്തയും മാറിയിട്ടുണ്ട് പുതിയ നിയമങ്ങളെന്നും അദ്ദേഹം.

ക്രിമിനൽ കേസുകളിൽ 45 ദിവസത്തിനുള്ളി വിചാരണ പൂർത്തിയാക്കുക, ആദ്യ തവണ കേസ് പരിഗണിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ കുറ്റം ചാർത്തുക, പീഡനക്കേസുകളിൽ ഇരയുടെ മൊഴി അവരുടെ രക്ഷിതാക്കളുടെയോ ബന്ധുക്കളുടെയോ സാന്നിധ്യത്തിൽ വനിതാ പൊലീസ് ഓഫിസർ രേഖപ്പെടുത്തുക, ഏഴു ദിവസത്തിനുള്ളിൽ വൈദ്യപരിശോധനാ റിപ്പോർട്ട് സജ്ജമാക്കുക തുടങ്ങി സുപ്രധാന വ്യവസ്ഥകളുണ്ട് പുതിയ നിയമങ്ങളിൽ.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾക്ക് പുതിയ നിയമത്തിൽ പ്രത്യേക അധ്യായം തന്നെയുണ്ട്. കുട്ടികളെ വാങ്ങുന്നതും വിൽക്കുന്നതും ഹീനമായ കുറ്റകൃത്യങ്ങളുടെ ഗണത്തിൽപ്പെടുത്തി. പ്രായപൂർത്തിയാകാത്ത കുട്ടികളെ കൂട്ടബലാത്സംഗത്തിനിരയാക്കുന്ന കേസുകളിൽ ഇനി വധശിക്ഷയോ ജീവപര്യന്തം തടവോ ലഭിക്കാം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും കൊലപാതകവു രാഷ്ട്രത്തിനെതിരായ കുറ്റകൃത്യമായാകും പരിഗണിക്കുക.

ആവർത്തനങ്ങൾ നീക്കി ഇന്ത്യൻ ശിക്ഷാ നിയമം പുനഃക്രമീകരിച്ചതോടെ 511 വകുപ്പുകളുണ്ടായിരുന്നത് 358 ആയി കുറഞ്ഞിട്ടുണ്ട്. വ്യാജ വിവാഹവാഗ്ദാനം, പ്രായപൂർത്തിയാകാത്തവരെ കൂട്ടബലാത്സംഗത്തിനിരയാക്കുക, ആൾക്കൂട്ട മർദനം മൂലമുള്ള കൊലപാതകം, ആഭരണങ്ങൾ പിടിച്ചുപറിക്കൽ തുടങ്ങിയവയെ സംബന്ധിച്ച് ഐപിസിയിൽ പ്രത്യേക വകുപ്പുകളുണ്ടായിരുന്നില്ല. എന്നാൽ, പുതിയ നിയമത്തിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി.

കുറ്റകൃത്യം നടന്ന പ്രദേശം പരിഗണിക്കാതെ വ്യക്തികൾക്ക് ഏതു പൊലീസ് സ്റ്റേഷനിലും പരാതി നൽകാമെന്നതാണ് ഏറെ പ്രധാനമായ മാറ്റം. ഇതുവഴി കുറ്റകൃത്യത്തെക്കുറിച്ച് ഏറ്റവും വേഗത്തിൽ പൊലീസിന് വിവരം ലഭിക്കാനും നടപടി തുടങ്ങാനും വഴിയൊരുക്കും. അറസ്റ്റ് ചെയ്യപ്പെടുന്നയാൾക്ക് തനിക്ക് താത്പര്യമുള്ള ഒരാളെ വിവരമറിയിക്കാനുള്ള അവകാശവും പുതിയ നിയമപ്രകാരം ലഭിക്കും. സ്ത്രീകൾ, പതിനഞ്ചു വയസിൽ താഴെയുള്ളവർ, 60 വയസിനു മുകളിലുള്ളവർ, ഭിന്നശേഷിയുള്ളവർ, മാരകരോഗങ്ങൾ ബാധിച്ചവർ തുടങ്ങിയവർക്ക് പരാതി നൽകാനോ കേസിൻറെ തുടർനടപടികൾക്കോ പൊലീസ് സ്റ്റേഷനിൽ പോകേണ്ടതില്ല. ഇവരെ പൊലീസ് വീട്ടിലെത്തി സഹായിക്കണമെന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

## മലപ്പുറത്ത് വിദ്യാർഥികൾക്ക് ഷിഗല്ല; ചികിത്സ തേടിയത്127 കുട്ടികൾ



**മലപ്പുറം:** കോഴിപ്പുറത്ത് വെണ്ണായൂർ എഎംഎൽപി സ്കൂൾ വിദ്യാർഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച് ആരോഗ്യവകുപ്പ്. ഇവിടെ 127 കുട്ടികൾ ഭക്ഷ്യ വിഷബാധയേറ്റ് ചികിത്സ തേടിയിരുന്നു. ഇവരിൽ നാല് കുട്ടികൾക്കാണ് ഷിഗല്ല സ്ഥിരീകരിച്ചത്.

മറ്റ് ചില കുട്ടികളും രോഗലക്ഷണങ്ങൾ കാണിച്ചിരുന്നുവെങ്കിലും അസുഖം സ്ഥിരീകരിച്ചിട്ടില്ല. ആരുടെയും സ്ഥിതി ഗുരുതരമല്ല. നിലവിൽ ആരും ചികിത്സയിലില്ലെന്ന് അധികൃതർ അറിയിച്ചു. ഭക്ഷ്യ വസ്തുക്കളുടെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

ദഹനവ്യവസ്ഥയെ തകരാറിലാക്കുന്ന ബാക്ടീരിയ മൂലമാണ് ഷിഗല്ല രോഗം പടരുക.

## കരസേന മേധാവി ഉപേന്ദ്ര ദ്വിവേദി, നാവികസേന മേധാവി ദിനേശ് കുമാർ ത്രിപാഠി



ഉപേന്ദ്ര ദ്വിവേദി, ദിനേശ് ത്രിപാഠി

**ന്യൂഡൽഹി:** ഇന്ത്യൻ സൈനിക ചരിത്രത്തിൽ ആദ്യമായി സഹപാഠികൾ കര, നാവികസേനാ മേധാവി സ്ഥാനത്ത്. നാവികസേന മേധാവി അഡ്മിറൽ ദിനേശ് കുമാർ ത്രിപാഠിയും കരസേനാമേധാവിയായി ഞായറാഴ്ച സ്ഥാനമേറ്റ ഉപേന്ദ്ര ദ്വിവേദിയും മധ്യപ്രദേശിലെ രേവ സൈനിക വിദ്യാലയത്തിൽ ഒരേ ക്ലാസിലെ വിദ്യാർഥികളായിരുന്നു. നാഷണൽ ഡിഫൻസ് അക്കാദമിയിൽ ഒരേ ബാച്ചിൽ പഠിച്ചിറങ്ങിയവർ മുൻപ!ും ഒരേ സമയം വിവിധ സേനകളുടെ മേധാവിമാരായിട്ടുണ്ടെങ്കിലും ഒരേ ക്ലാസിൽ പഠിച്ചിറങ്ങിയ രണ്ടുപേർ സേനകളുടെ മേധാവികളാകുന്നത് ആദ്യമായാണ്.

1970ലാണ് ദിനേശ് ത്രിപാഠിയും ഉപേന്ദ്ര ദ്വിവേദിയും മധ്യപ്രദേശിലെ രേവയിലുള്ള സൈനികവിദ്യാലയത്തിലെ അഞ്ചാംക്ലാസ് വിദ്യാർഥികളായിരുന്നത്. " സൈന്യത്തിന് നേതൃത്വം നൽകുന്ന രണ്ട് പ്രഗത്ഭരായ വിദ്യാർഥികളെ വളർത്തിയെടുക്കാനുള്ള അപൂർവ ബഹുമതി മധ്യപ്രദേശിലെ രേവയിലുള്ള സൈനിക് സ്കൂളിന് ലഭിച്ചു" പ്രതിരോധ വക്താവ് ഭരത് ഭൂഷൺ ബാബു എക്സിൽ കുറിച്ചു.

പാക്കിസ്ഥാൻ, ചൈന അതിർത്തികളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള ഉപേന്ദ്ര ദ്വിവേദി ഫെബ്രുവരിയിലാണ് കരസേനാ ഉപമേധാവിയായി ചുമതലയേറ്റത്. കരസേനയുടെ മുപ്പതാമത്തെ മേധാവിയാണ് ദ്വിവേദി. കഴിഞ്ഞ മേയ് ഒന്നിനാണ് നാവികസേനയുടെ 28 ാം അഡ്മിറൽ ജനറൽ പദവി ദിനേശ് ത്രിപാഠി ഏറ്റെടുത്തത്. മലയാളിയായ അഡ്മിറൽ ആർ.ഹരികുമാർ വിരമിച്ചതോടെയാണ് വൈസ് അഡ്മിറലായിരുന്ന ത്രിപാഠി നാവികസേനയുടെ തലപ്പത്തെത്തിയത്.

## മൊബൈൽ ഫോൺ നിരക്ക് വർധിപ്പിച്ച് എയർടെല്ലും; 20 ശതമാനം വരെ വർധന

**കൊച്ചി:** ജൂലൈ മൂന്ന് മുതൽ മൊബൈൽ നിരക്കുകളിൽ 10 മുതൽ 21 ശതമാനം വരെ വർധന പ്രഖ്യാപിച്ച് ഭാരതി എയർടെൽ. എതിരാളികളായ റിലയൻസ് ജിയോ നിരക്ക് കൂട്ടി മണിക്കൂറുകൾക്കുള്ളിലാണ് എയർടെല്ലിൻറെയും തീരുമാനം. മറ്റൊരു ടെലികോം ഓപറേറ്ററായ വോഡഫോൺഐഡിയയും അധികം വൈകാതെ നിരക്ക് വർധന പ്രഖ്യാപിക്കും. ഒരു ഉപയോക്താവിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം 300 രൂപയാക്കി




നിലനിർത്തേണ്ടത് ഇന്ത്യയിലെ ടെലികോം ഓപ്പറേറ്റർമാരുടെ നിലനിൽപ്പിന് അത്യാവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയാണ് എയർടെല്ലിൻറെ തീരുമാനം. നിലവിൽ ഒരാളിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം 181.7 രൂപയാണെന്നാണ് കണക്ക്. ഉപയോക്താക്കളുടെ സാമ്പത്തിക ഭാരം കുറയ്ക്കാൻ കുറഞ്ഞ നിരക്കിലാണ് വർധനവെന്നും എയർടെൽ വിശദീകരിക്കുന്നു.

പരിധിയില്ലാതെ കോളുകളും ഇൻറർനെറ്റും ലഭിക്കുന്ന പ്ലാനുകളിൽ വലിയ മാറ്റമാണ് എയർടെൽ വരുത്തിയത്. 179 രൂപയുടെ പ്ലാൻ ഇനി 199, 455ൻറെ പ്ലാൻ 509, 1799ൻറെ പ്ലാൻ 1999 എന്നിങ്ങനെയാകും.

479 രൂപയുടെ ഡെയ്ലി പ്ലാൻ 579 രൂപയാക്കി, 20.8% വർധന. നേരത്തെ 265 രൂപയുണ്ടായിരുന്ന ഡെയ്ലി പ്ലാൻ ഇപ്പോൾ 299 രൂപയായി. 299ൻറെ പ്ലാൻ 349 രൂപയും 359ൻറെ പ്ലാൻ 409 രൂപയും 399ൻറേത് 449 രൂപയുമായി കൂട്ടി. 19 രൂപയുടെ ഒരു ജിബി ഡെയിലി ഡേറ്റ ആഡ് ഓൺ പ്ലാൻ 22 രൂപയാക്കി.

# അക്ഷയ സംരംഭക തിരഞ്ഞെടുപ്പ്: കൂടിക്കാഴ്ച ജൂലായ് 4, 5, 8, 9 തീയതികളിൽ

**കൊച്ചി:** 2023 ഓഗസ്റ്റ്, 2024 ഫെബ്രുവരി എന്നീ മാസങ്ങളിൽ അക്ഷയ സംരംഭക തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അപേക്ഷ സമ4പ്പിച്ചവ4ക്കായി നടത്തിയ ഓൺലൈൻ പരീക്ഷയിൽ പഞ്ചായത്തിനു കീഴിലുള്ള ലൊക്കേഷനുകളിലെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവ4ക്കുള്ള കൂടിക്കാഴ്ച ജൂലായ് 4, 5, 8, 9 എന്നീ തീയതികളിൽ നടക്കും. കൂടിക്കാഴ്ച സംബന്ധിച്ച അറിയിപ്പ് അപേക്ഷകരുടെ ഇ മെയിലിലേക്ക് അയച്ചിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവ4 0484 2422693 എന്ന നമ്പറിലേക്കോ dpoekm@gmail.com എന്ന ഇമെയിൽ വഴിയോ ബന്ധപ്പെടുക.

## വിദ്യാർഥികൾക്ക് പ്രോത്സാഹന അവാർഡ്; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** 202224 അദ്ധ്യയന വർഷം എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എൽ.സി/ പ്ലസ് ടു/ ഡിഗ്രി/ പി.ജി/ പ്രൊഫഷണൽ ഡിഗ്രി പരീക്ഷകളിൽ ആദ്യ ചാൻസിൽ ഉന്നതവിജയം കരസ്ഥമാക്കിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും പ്രോത്സാഹന അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത ചുവടെ: ഏതെങ്കിലും വിഷയത്തിൽ ഡി ഗ്രേഡ് ഉള്ളവരെ അവാർഡിന് പരിഗണിക്കുന്നതല്ല.
എസ്.എസ്.എൽ.സി. 6ബി., 4സി. ഗ്രേഡുകൾ, സി.ബി.എസ്.ഇ.(10) 3ബി., 2സി, ഗ്രേഡുകൾ, പ്ലസ് ടു 4ബി, 2സി ഗ്രേഡുകൾ, ഡിഗ്രി ഫസ്റ്റ് ക്ലാസ്, പോസ്റ്റ് ഗ്രാഡുവേഷൻ ഫസ്റ്റ് ക്ലാസ്. നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി./ പ്ലസ് ടു/ ഡിഗ്രി/ പി.ജി/ പ്രൊഫഷണൽ ഡിഗ്രി എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് എന്നിവ സഹിതം ജൂലൈ 31ന് മുമ്പ് മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലോ, ആലുവ / ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലോ ലഭിച്ചിരിക്കണം. ഇത് സംബന്ധിച്ച വിശദവിവരങ്ങളും അപേക്ഷാ ഫോമും മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിന്നോ, ആലുവ / ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ നിന്നോ ലഭിക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ ഐസിഡിഎസ് ഓഫീസ് ആവശ്യത്തിനായി 202425 സാമ്പത്തിക വർഷം ഒരു കാർ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള ടെൻഡർ 2024 ജൂലൈ 18 ന് ഉച്ചയ്ക്ക് 2 വരെ സ്വീകരിക്കും കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 04852814205

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഭൂതത്താൻകെട്ട് ഡിഎംസിയുടെ കീഴിലുള്ള ഭൂതത്താൻകെട്ട് ടൂറിസം പ്രൊജക്ടിന്റെ മേൽനോട്ടത്തിനും പ്രോജക്ടിലെ ദൈനംദിന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും താത്കാലിക നിയമനത്തിനുള്ള അപേക്ഷകൾ (ബയോഡേറ്റ സഹിതം) ക്ഷണിച്ചു. താത്പര്യമുള്ളവർ ശിളീ@റുരേല്യിമസൗഹമ.രീാ എന്ന ഈ മെയിൽ വഴി വിശദമായ ബയോഡേറ്റ അയക്കുക. അവസാന തിയതി ജൂലൈ 7. വിശദമായ വിവരങ്ങൾക്ക്: 0484 2367334, 9847331200.

## സ്വയം തൊഴിൽ വായ്പ

**കൊച്ചി:** മുസ്ലീം, ക്രിസ്ത്യൻ മത വിഭാഗക്കാർക്ക് കേരള സർക്കാർ സ്ഥാപനമായ സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ എറണാകുളം ഓഫീസിൽ അഞ്ച് ലക്ഷം രൂപ വരെ സ്വയം തൊഴിൽ (പുതിയ ബിസിനസ് തുടങ്ങുവാനും നിലവിലുള്ളവ വിപുലീകരിക്കുവാനും) വായ്പ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക്: 04842394005, 2390442, 9447710077.

## ഇന്നത്തെ പരിപാടി

**കലൂർ ഐ എം എ ഹൗസ് :** ഐ എം എ കൊച്ചിയുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ദിനാചാരണവും മുതിർന്ന ഡോക്ടർമാരെ ആദരിക്കലും. വൈകിട്ട് 7.30 ന്. ഉദ്ഘാടനം ഡോ. മുരളി തുമ്മാരുകുടി.



# മോൺ. ഡോ. ആന്റണി വാലുങ്കൽ വരാപ്പുഴ അതിരൂപത സഹായമെത്രാനായി അഭിഷിക്തനായി

**കൊച്ചി:**വരാപ്പുഴ അതിരൂപതയുടെ സഹായമെത്രാനും അൾജീരിയയിലെ പുരാതന രൂപതയായ മഗർമേലിന്റെ സ്ഥാനികമെത്രാനുമായി മോൺ. ആന്റണി വാലുങ്കൽ അഭിഷിക്തനായി. പുതിയ ഇടയന്റെ അഭിഷേക കർമങ്ങൾ

ദേശീയ മരിയൻ തീർഥാടനകേന്ദ്രമായ വല്ലാർപാടം ഔവർ ലേഡി ഓഫ് റാൻസം ബസിലിക്ക അങ്കണത്തിൽ തയ്യാറാക്കിയ പ്രത്യേക വേദിയിലായിരുന്നു നടന്നത്. അതിരൂപതയ്ക്ക് അകത്തും പുറത്തു നിന്നുമായി ആയിരങ്ങൾ അഭിഷേക കർമങ്ങൾക്ക് സാക്ഷ്യം വഹിക്കാനെത്തിയിരുന്നു.

മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു.

അജപാലന അധികാരത്തിന്റെ അടയാളമായ അംശമുടിയും മോതിരവും അധികാര ദണ്ഡും പ്രധാനകാർമികൻ പുതിയ സഹായ മെത്രാന് നൽകി.വരാപ്പുഴ അതിരൂപത മുൻ മെത്രാപ്പോലീത്ത ഡോ. ഫ്രാൻസിസ് കല്ലറക്കൽ, കോട്ടപ്പുറം രൂപതാ മുൻ മെത്രാൻ ഡോ. ജോസഫ് കാരിക്കശേരി എന്നിവർ മുഖ്യസഹകാർമികരായിരുന്നു. കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി അധ്യക്ഷനും കോഴിക്കോട് രൂപതാ മെത്രാനുമായ ഡോ. വർഗീസ് ചക്കാലക്കൽ വചനപ്രഘോഷണം നടത്തി.

ആർച്ച്ബിഷപ്പുമാരായ ഡോ. തോമസ് ജെ. നെറ്റോ, ഡോ. സൂസപാക്യം, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി, മാർ എബ്രഹാം ജൂലിയോസ്, മാർ ജോസഫ് പെരുന്തോട്ടം, എറണാകുളംഅങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ, ബിഷപ്പുമാരായ ഡോ. വിൻസെന്റ് സാമുവൽ, ഡോ. പോൾ ആന്റണി മുല്ലശേരി, ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ, ഡോ. സെബാസ്റ്റിയൻ തെക്കത്തെച്ചേരിൽ, ഡോ. ജസ്റ്റിൻ മഠത്തിപറമ്പിൽ, ഡോ. ജോസഫ് കരിയിൽ, ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, ഡോ. അന്തോണിസാമി പീറ്റർ അബീർ, ഡോ. അലക്സ് വടക്കുംതല, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ തോമസ് ചക്യാത്ത്, മാർ ജോഷ്വ ഇഗ്നാത്തിയോസ്, മാർ ജോസഫ് തോമസ്, എബ്രാഹം മാർ ജൂലിയോസ്,മാർ പോളി കണ്ണൂക്കാടൻ, മാർ തോമസ് ചകൃത്ത് എന്നിവർ സഹകാർമികരായിരുന്നു.

മെത്രാഭിഷേക തിരുകർമങ്ങൾക്കു ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ സീറോമലങ്കര മേജർ ആർച്ച്ബിഷപ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവ, സീറോ മലബാർ മേജർ ആർച്ച്ബിഷപ് മാർ. റാഫേൽ തട്ടിൽ, ഇന്ത്യയിലെ വത്തിക്കാൻ കാര്യാലയം കൗൺസിലർ മോൺ. ജുവാൻ പാബ്ലോ സെറിലോസ് ഹെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നീതി ന്യായ രംഗത്തെ പ്രമുഖർ പങ്കെടുത്തു. ടിജോ കോലോത്തും വീട്ടിൽ,കെസ്റ്റർ, ഗാഗുൽ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ സിഎസി ക്വയർ മെത്രാഭിഷേക പരിപാടികൾക്ക് മിഴിവേകി.

# ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണം: ബോച്ചെയ്ക്കൊപ്പം ഓടി ജില്ലാ കളക്ടറും

**കൊച്ചി:** സർക്കാർ ജീവനക്കാർ തങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വണം ഓഫീസ് മുറികളിൽ മാത്രമായി ചുരുക്കരുതെന്ന് ബോബി ചെമ്മണ്ണൂർ. ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണത്തോടനുബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ ഓഫീസ് സംഘടിപ്പിച്ച കൂട്ടയോട്ടത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. തങ്ങൾ നിർവ്വഹിക്കുന്ന സേവനം എന്തെന്ന് പൊതുജനത്തെ അറിയിക്കുവാൻ കൂടി ഉദ്യോഗസ്ഥർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

കാക്കനാട് സിവിൽ സ്റ്റേഷനിൽ നിന്നും ആരംഭിച്ച കൂട്ടയോട്ടം ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് ഫ്ലാഗ് ഓഫ് ചെയ്തു. രാജ്യപുരോഗതിയ്ക്കായുള്ള പദ്ധതികൾ തയ്യാറാക്കുന്നതിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നിർണ്ണായക പങ്കാണ് നിർവ്വഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വകുപ്പ് നിർവ്വഹിക്കുന്ന സേവനങ്ങൾ പൊതുജനത്തെ അറിയിക്കുവാൻ ഇത്തരം പരിപാടികൾ സഹായകരമാകുമെന്ന് കളക്ടർ അഭിപ്രായപ്പെട്ടു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എ.പി.ഷോജൻ നേതൃത്വം നൽകിയ കൂട്ടയോട്ടത്തിൽ ഇരുന്നൂറോളം ജീവനക്കാർ പങ്കെടുത്തു. ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ അഡ്വൈസർ സി.എഫ്. ജോസഫ് മുഖ്യ അതിഥിയായിരുന്നു. ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിൽ സമ്മാനം നേടിയവർക്കുള്ള മെഡലുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ചടങ്ങിൽ വിതരണം ചെയ്തു.



# സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി പെരുന്നാളിന് കൊടിയേറി

**കോലഞ്ചേരി :** സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളി പെരുന്നാളിന് കൊടിയേറി.

വികാരി ഫാ. ജേക്കബ് കുര്യൻ ചെമ്മനം മുഖ്യ കാർമ്മികത്വം വഹിച്ചു.സഹ വികാരിമാരായ ഫാ. ഗീവർഗീസ് അലക്സ്, ഫാ. കുര്യാക്കോസ് അലക്സ്, ട്രസ്റ്റിമാരായ സാജു പി. വർഗീസ്, ജോർജ് സി. കുരുവിള, സെക്രട്ടറി ജയിംസ് മലയിൽ തുടങ്ങിയവർ പങ്കെടുത്തു. പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഏഴാം മാർത്തോമ്മയുടെ 215ാം ഓർമപ്പെരുന്നാൾ 4,5 തീയതികളിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടക്കും. 11,12 തീയതികളിൽ മാർ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമപ്പെരുന്നാളിനും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമപ്പെരുന്നാളിനും സുന്നഹദോസ് സെക്രട്ടറി യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പ്രധാന കാർമികത്വം വഹിക്കും. ഇന്നും നാളെയും രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് പ്രാർഥന, വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ ദിനമായ 3ന് രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് പ്രാർഥന. 2017 ജൂലൈ മൂന്നിലെ സുപ്രീംകോടതി വിധിയുടെ കൃതജ്ഞതാ ദിനാചരണം തുടർന്നു നടക്കും. 4ന് രാവിലെ 7ന് കുർബാന, വൈകിട്ട് 5.30ന് ഏഴാം മാർത്തോമ്മയുടെ കബറിങ്കലേക്കുള്ള തീർഥയാത്രയ്ക്ക് സ്വീകരണം നൽകും. തുടർന്ന് പ്രാർഥന, അനുസ്മരണ പ്രഭാഷണം, ധൂപ പ്രാർഥന. 5ന് രാവിലെ 7.30ന് പരിശുദ്ധ കാതോലിക്കാ ബാവായുടെ കാർമികത്വത്തിൽ കുർബാന, പ്രസംഗം, കബറിങ്കൽ ധൂപ പ്രാർഥന, ശ്ലൈഹിക വാഴ്വ്. 6മുതൽ 10വരെ ദിവസവും രാവിലെ കുർബാനയും വൈകിട്ട് പ്രാർഥനയുമുണ്ടാകും. 11ന് രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് മാർ ക്രിസോസ്റ്റമോസിന്റെ മുഖ്യ കാർമികത്വത്തിൽ പ്രാർഥന, പ്രസംഗം, പ്രദക്ഷിണം, ശ്ലൈഹിക വാഴ്. 12ന് രാവിലെ 6ന് പ്രാർഥന, 6.30ന് കുർബാന, 9.30ന് മാർ ക്രിസോസ്റ്റമോസിന്റെ കാർമികത്വത്തിൽ കുർബാന, ധൂപ പ്രാർഥന, പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്കുള്ള അവാർഡ് വിതരണം, പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മൂന്നാം ശ്രാദ്ധപ്പെരുന്നാളും ഇതോടൊപ്പം നടക്കും.

# അപകടകരമായ മരങ്ങൾ മുറിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം: ജില്ലാ വികസനസമിതി

**കൊച്ചി:** ജില്ലയിൽ കനത്ത മഴയെ തുട4ന്ന് കോതമംഗലം നേര്യമംഗലം വില്ലേജിൽ കാറിനു മുകളിൽ മരം വീണ് ഒരാൾ മരിക്കുകയും മൂന്നു പേ4ക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിന്റെ പശ്ചാത്തലത്തിൽ അപകടകരമായ നിലയിലുള്ള മരങ്ങൾ അടിയന്തരമായി മുറിച്ചുനീക്കാ9 ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനം. ആന്റണി ജോൺ എംഎൽഎ എഴുതി നൽകിയ നി4ദേശത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

നേര്യമംഗലം വില്ലേജിൽ സമാനമായ രീതിയിൽ അപകടകരമായ നിലയിലുള്ള മരങ്ങളെക്കുറിച്ച് തഹസിൽദാ4 റിപ്പോ4ട്ട് നൽകിയിട്ടുണ്ട്. അപകടകരമായ നിലയിലുള്ള മരം മുറിക്കുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കും. മറ്റു സ്ഥലങ്ങളിലും മനുഷ്യ ജീവന് അപകടകരമായ നിലയിലുള്ള മരങ്ങൾ സംബന്ധിച്ച് റിപ്പോ4ട്ട് തയാറാക്കി മുറിക്കുന്നതിനുള്ള നടപടി സ്വീകരിക്കാ9 ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി.

അയ്യമ്പുഴ പ്ലാന്റേഷനിലേക്കുള്ള കെഎസ്ആ4ടിസി ബസും സ്വകാര്യ ബസും തമ്മിലുള്ള സമയത്ത4ക്കം പരിഹരിക്കണമെന്ന് റോജി ജോൺ എംഎൽഎ ആവശ്യപ്പെട്ടു. കാലടിമലയാറ്റൂ4 റോഡ് നി4മ്മാണവുമായി ബന്ധപ്പെട്ട് പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ച4ച്ച ചെയ്യാ9 പ്രത്യേക യോഗം ചേരണം. അങ്കമാലികരയാംപറമ്പ് ജംക്ഷനിലെയും അങ്ങാടിപ്പറമ്പത്ത് ജംക്ഷനിലെയും ഗതാഗത പരിഷ്ക്കാരങ്ങൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നും പഴയ രീതി പുനസ്ഥാപിക്കണമെന്നും എംഎൽഎ മോട്ടോ4 വാഹന വകുപ്പിനോട് ആവശ്യപ്പെട്ടു.

അമ്പലമുഗൾ അയ്യങ്കുഴിയിലുണ്ടായ വാതക ചോ4ച്ച സംബന്ധിച്ച് സ്ഥലത്തെത്തി പരിശോധന നടത്താത്തത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോ4ഡ് എ9വയോൺമെന്റൽ എ9ജിനീയരോട് വിശദീകരണം ചോദിക്കണമെന്ന് പി. വി. ശ്രീനിജിൻ ആവശ്യപ്പെട്ടു.

നെല്ലാട്മനയ്ക്കകടവ് റോഡിന്റെ നി4മ്മാണം ഉട9 ആരംഭിക്കണം. തമ്മാനിമറ്റം പാലത്തിന്റെ ഡിസൈനിലുള്ള അവ്യക്തത സംബന്ധിച്ച് ജൂലൈ 30 നകം അന്തിമ തീരുമാനമെടുക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

# കെ പോൾ തോമസ് സാധൻ ചെയർപേഴ്സൺ



**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസിനെ മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ സംഘടനയും റിസർവ് ബാങ്ക് അംഗീകരിച്ച നിയന്ത്രണ സംവിധാനവുമായ സാധന്റെ ചെയർപേഴ്സണായി തിരഞ്ഞെടുത്തു. ന്യൂഡൽഹിയിൽ നടന്ന 26ാമത് വാർഷിക ജനറൽ ബോഡി യോഗത്തിലാണ് മുമ്പ് സാധന്റെ കോചെയർ ആയിരുന്ന പോൾ തോമസിനെ ചെയർപേഴ്സണായി നിയമിച്ചത്.

# കുസാറ്റിൽ വിദേശ ഭാഷ സായാഹ്ന കോഴ്സുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലാ നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അക്കാദമിക് റൈറ്റിംഗ്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ് ഭാഷകളിലെ ഒരു വർഷത്തെ സായാഹ്ന കോഴ്സുകൾക്ക് 2024 ജൂലൈ 15 വരെ അപേക്ഷിക്കാം. അപേക്ഷാ ഫീസ് 150 രൂപ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനും അക്കാദമിക് റൈറ്റിങ്ങിനുമുള്ള കുറഞ്ഞ യോഗ്യത ബിരുദമാണ്. പ്ലസ് ടു/തത്തുല്യം പാസായവർക്ക് മറ്റ് കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 6282167298.

# അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സംസ്ഥാന സർക്കാർ പൊതു മേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജേണലിസത്തിൽ 2024 25 ബാച്ചിലേക്ക് ജൂലൈ 10 വരെ അപേക്ഷിക്കാം. കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ടെലിവിഷൻ, സോഷ്യൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, മൊബൈൽ ജേണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിവയിൽ പരിശീലനം ലഭിക്കും. പഠനത്തോടൊപ്പം മാധ്യമ സ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യുവാൻ അവസരം ലഭിക്കും. കൂടാതെ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസും നൽകും. ഉയർന്ന പ്രായ പരിധി 30 വയസ്. ക്ലാസുകൾ ജൂലൈ മാസത്തിൽ ആരംഭിക്കും. ഫോൺ: 9544958182. വിലാസം: കെൽട്രോൺ നോളഡ്ജ് സെന്റർ, മൂന്നാം നില, അംബേദ്ക്കർ ബിൽഡിങ്ങ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് , കോഴിക്കോട്. 673 002.



സൊസൈറ്റി ടുഡേ
SOCIETY TODAY




**ലുലു ഓൺ സെയിലിൻറെ ലോഗോ പ്രകാശനം സിനിമാതാരങ്ങളായ വിജയ് ബാബു, വിനയ് ഫോർട്ട്, അതിഥി രവി, അനു മോഹൻ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു. കൊച്ചി ലുലു മാൾ സീനിയർ ഓപ്പറേഷൻസ് മാനേജർ ഒ സുകുമാരൻ, ബയിങ്ങ് മാനേജർ സന്തോഷ് കുമാർ, ഡിജിഎം ജോ പൈനേടത്ത്, ഡിജിഎം രാജീവ് ആർ, മാർക്കറ്റിങ്ങ് മാനേജർ സനു എസ്, ഫൺടൂറ മാനേജർ സിയാദ് എന്നിവർ സമീപം.**

# കൊച്ചി ലുലുവിൽ വിലക്കുറവിൻെറ പൂരം ; പകുതി വിലയ്ക്ക് ബ്രാൻഡഡ് ഉത്പന്നങ്ങൾ

**കൊച്ചി :** വിലക്കിഴിവിൻറെ ഉത്സവം തീർത്ത് വമ്പൻ ഓഫറുകളുമായി ലുലു ഓൺ സെയിലിന് ജൂൺ 4 ന് തുടക്കമാകും. ലുലു ഓൺ സെയിലിൻറെ ലോഗോ പ്രകാശനം മാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് സിനിമാതാരങ്ങളായ വിജയ് ബാബു, വിനയ് ഫോർട്ട്, അതിഥി രവി, അനു മോഹൻഎന്നിവർ ചേർന്ന് നിർവ്വഹിച്ചു.

ലുലു ഓൺ സെയിലിൻറെ ഭാഗമായി 500ലധികം ബ്രാൻഡഡ് ഉത്പന്നങ്ങൾ അടക്കം പകുതി വിലയ്ക്കാണ് ലഭ്യമാക്കിയിരിക്കുന്നത്. ഫ്ലാറ്റ് 50 സെയിൽ ഓഫറിലൂടെ 50 ശതമാനം വിലക്കുറവിലാണ് ബ്രാൻഡഡ് ഉത്പന്നങ്ങൾ ലഭ്യമാക്കുന്നത്. അവശ്യവസ്തുക്കൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, മൊബൈൽ, ലാപ്ടോപ്പ്, ടിവി,പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ തുണിത്തരങ്ങൾ തുടങ്ങി 50 ശതമാനം വിലക്കുറവിൽ കിട്ടും. ജൂലൈ 4 മുതൽ 7 വരെ നാല് ദിവസത്തേക്കാണ് ലുലു ഓൺ സെയിൽ നടക്കുന്നത്. ലുലു ഫാഷൻ സ്റ്റോർ, ലുലു ഹൈപ്പർമാർക്കറ്റ്, ലുലു കണക്റ്റ്, ലുലു സെലിബ്രേറ്റ് എന്നിവിടങ്ങളിലായി നിരവധി ഉത്പന്നങ്ങൾ പകുതി വിലയ്ക്ക് പർച്ചേസ് ചെയ്യാം. ഇതിന്റെ ഭാഗമായി ലുലു സ്റ്റോറുകൾ പുലർച്ചെ രണ്ട് മണി വരെ തുറന്ന് പ്രവർത്തിക്കും.

ഷോപ്പിങ്ങ് കൂടുതൽ സുഗമമാക്കാൻ 41 മണിക്കൂർ നീളുന്ന നോൺ സ്റ്റോപ്പ് ഷോപ്പിങ്ങും ഒരുക്കിയിട്ടുണ്ട്. ആറാം തീയതി മുതൽ ഓഫർ അവസാനിക്കുന്ന എട്ട് വരെ കൊച്ചി മാൾ തുറന്നുപ്രവർത്തിക്കും.തുടർച്ചയായ 41 മണിക്കൂർ നീളുന്ന ഷോപ്പിങ്ങ് അനുഭവമാണ് ലുലു സമ്മാനിക്കുന്നത്.

ലോകോത്തര ബ്രാൻഡുകളുടെ ടെക് ഗാഡ്ജറ്റുകൾക്കും ഗൃഹോപകരണങ്ങൾക്കും ആകർഷകമായ ഓഫറുകൾ ഒരുക്കിക്കൊണ്ടാണ് ലുലു കണക്റ്റ് സജ്ജമാക്കിയിരിക്കുന്നത്. ലുലു ഹൈപ്പർമാർക്കറ്റിൽ ഗ്രോസറികൾക്കായി ആകർഷകമായ ഓഫറുകളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ബാഗുകൾ, പാദരക്ഷകൾ, കായികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ആഭരണങ്ങൾ, വാച്ചുകൾ വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു.

ബ്രൈഡൽ സങ്കൽപ്പങ്ങളുടെ ആകർഷകമായ കളക്ഷനുകളുള്ള ലുലു സെലിബ്രേറ്റിലും ഈ ഓഫറുകൾ ലഭ്യമാണ്. കൂടാതെ, ലുലു ഫൺടൂറയിലും കുട്ടികൾക്കായി പ്രത്യേക ഓഫറും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ സ്വാദിഷ്ടമായ വിവിധ ഭക്ഷണ വിഭവങ്ങൾ ഫുട്ട്കോർട്ടിൽ ആകർഷകമായ ഓഫറുകളോടെ ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.

അത്യുജ്ജ്വലമായ ഡിസ്കൗണ്ടുകൾക്കൊപ്പം രസകരമായ എന്റർടെയ്ൻമെന്റ് ഷോകളുമായി ഒരു പുതുമയാർന്ന ഷോപ്പിംഗ് അനുഭവമാണ് ലുലു സന്ദർശകർക്കായി ഒരുക്കുന്നത്. ലുലുവിന്റെ ഏറ്റവും മികച്ച ഓഫർ സീസണായ ഇത്തവണ, ഷോപ്പ് ചെയ്യുന്നവർക്ക് ആകർഷകങ്ങളായ സമ്മാനങ്ങൾ നേടാനും അവസരമുണ്ട്. ഷോപ്പിങ്ങ് മനോഹരമാക്കാൻ നിരവധി കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

# അനുഗാമി സാന്ത്വന പരിചരണം നൂറിന്റെ നിറവിൽ: സാന്ത്വന പരിചരണത്തിൽ മാതൃകയായി എറണാകുളം ജനറൽ ആശുപത്രി

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രി സാന്ത്വന പരിചരണത്തിൽ മാതൃകയാകുകയാണ്. പത്ത് വർഷത്തിലധികം കാലമായി മുറിവുകൾ ഉണങ്ങാതെ നരക യാതനകൾ അനുഭവിക്കുന്ന രോഗികൾക്ക് വിദഗ്ധ പരിചരണമൊരുക്കി അവരെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു. ജനുവരി 26ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്ത അനുഗാമി ടു ഹിൽ ടുഗദർ പദ്ധതിയിലൂടെയാണ് ഇവർക്ക് സാന്ത്വനമായത്. ആത്മാർത്ഥ സേവനം നടത്തിയ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

എറണാകുളം ജനറൽ ആശുപത്രിയിലെ നിലാവ് എന്ന പേരിട്ടിരിക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ആയിരത്തോളം രോഗികളാണുള്ളത്. അതിൽ 51 രോഗികൾക്കാണ് പത്തിലധികം വർഷമായി മുറിവുണങ്ങാതെ കണ്ടെത്തിയത്. അവർക്ക് ഈ പദ്ധതിയിലൂടെ വിദഗ്ധ ചികിത്സയും സാന്ത്വന പരിചരണവും നൽകി. ഇതിലൂടെ 18 രോഗികളുടെ മുറിവ് പൂർണമായും ഉണങ്ങി.

ബെഡ് സോറുകൾ, അണുബാധയുള്ള സർജിക്കൽ വ്രണങ്ങൾ, വെരിക്കോസ് വ്രണങ്ങൾ, ക്യാൻസർ വ്രണങ്ങൾ, തുടങ്ങി വിവിധങ്ങളായ തരത്തിലുള്ള വ്രണങ്ങളാണ് ഉണ്ടായിരുന്നത്. നിരന്തരമായ പരിചരണത്തിലൂടെ ഇവയെ 20% ഉണക്കിയെടുക്കുവാനും ശേഷിക്കുന്ന മുറിവുകളിൽ 40% എങ്കിലും വലിപ്പം കുറച്ച് കൊണ്ടുവരാനും ആണ് ഉദ്ദേശിച്ചത്. ദിവസേനയുള്ള ഭവന സന്ദർശനം, ഡ്രസ്സിംഗ് പ്രക്രിയ, ആഴ്ചകൾ തോറുമുള്ള രക്ത പരിശോധന, ഷുഗർ പരിശോധന, കൾച്ചർ ആന്റ് സെൻസിറ്റിവിറ്റി, സ്ക്രീനിങ്, കാർട്ടറൈസേഷൻ സ്കിൻ ഗ്രാഫ്റ്റിംഗ്, റീസൂച്ചറിങ്, പോഷണ കുറവ് നികത്തൽ, എഫ്എഫ്പി ട്രാൻസ്ഫ്യൂഷൻ തുടങ്ങിയ വിവിധങ്ങളായ മാർഗങ്ങളാണ് ഈ പദ്ധതിയിൽ ഉപയോഗിച്ചത്. സർജറി വിഭാഗത്തിന് കീഴിൽ 2 സർജിക്കൽ ക്യാമ്പ് നടത്തി പുന: അവലോകനവും നടത്തി.

ഡോക്ടർമാരും പാലിയേറ്റീവ് നഴ്സുമാരും നഴ്സിങ് വിദ്യാർത്ഥികളും ചേർന്ന് 656 ഭവന സന്ദർശനങ്ങൾ നടത്തി. പദ്ധതി ആരംഭിച്ച് 100 ദിവസം പിന്നിടുമ്പോൾ 35 ശതമാനം മുറിവുകളും പൂർണമായും ഉണങ്ങിക്കഴിഞ്ഞു. ക്യാൻസർ വ്രണങ്ങളുടെ അണുബാധ നിയന്ത്രിച്ചു കൊണ്ടു വന്നതുമൂലം വ്രണത്തിന്റെ വലുപ്പം 40% വരെ കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞു. ശേഷിക്കുന്ന 40 മുറവുകളിൽ 20 എണ്ണവും 90% ഉണങ്ങിയ അവസ്ഥയിലാണ്. പാലിയേറ്റീവ് പരിചരണ രംഗത്ത് വിപ്ലവകരമായ മാറ്റമാണ് എറണാകുളം ജനറൽ ആശുപത്രിയുടെ പാലിയേറ്റ് വിഭാഗം നേടിയെടുത്തത്.

## വാഹനം വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:**സമഗ്രശിക്ഷാ കേരള എറണാകുളം ജില്ലാ കാര്യാലയത്തിന്റെ ഔദ്യോഗിക യാത്രകൾക്കായി ഒരു വാഹനം (ടാക്സി പെർമിറ്റുള്ള സെവൻ സീറ്റർ) പ്രതിമാസ വാടക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിന് താത്പര്യമുള്ള വാഹന ഉടമകൾ / സേവനദാതാക്കളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കരാർ കാലാവധി.
നിശ്ചിത മാതൃകയിലുള്ള പ്രഫോർമയിൽ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ ജൂലൈ 5 ഉച്ചകഴിഞ്ഞ് 3നകം സമർപ്പിക്കണം. കരാറിന്റെ വിശദാംശങ്ങൾ എറണാകുളം സൗത്ത് എസ്.ആർ.വി എൽ.പി സ്കൂളിലുള്ള സമഗ്ര ശിക്ഷാ കേരള എറണാകുളം ജില്ലാകാര്യാലയത്തിൽ നിന്നും ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സർട്ടിഫിക്കറ്റ് നൽകുന്ന അപ്പർ പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപക ട്രെയിനിംഗ് യോഗ്യതയായ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ് ടൂ, ഹിന്ദി പ്രചാര സഭകളുടെ അംഗീകൃത ഹിന്ദി കോഴ്സുകളോ ഡിഗ്രിയോ വിജയിച്ചവർക്ക് ചേരാം. 17 നും 35 നും ഇടക്ക് പ്രായപരിധി ഉണ്ട്. പട്ടികജാതി, പട്ടികവർഗ ക്കാർക്കും പിന്നാക്കവിഭാഗക്കാർക്കും സീറ്റ് സംവരണവും ഫീസിളവും ലഭിക്കും.
അവസാന തീയതി ആയ ജൂലൈ 10 നകം പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ: 8547126028, 04734296496 .

## കുടുംബശ്രീ നിയമനം

**കൊച്ചി:** കുടുംബശ്രീ എറണാകുളം ജില്ലയിൽ ഇന്റഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്ററുകൾ (ഐ.എഫ്.സി) ആരംഭിക്കുന്നതിന്റെ ഭാഗമായി ക്ലസ്റ്റർ ലെവൽ ഐഎഫ്സി ആങ്കർ, സീനിയർ സിആർപി തസ്തികകളിലേക്ക് നിയമനം നടത്തുന്നു. പ്രായം 40 ൽ അധികരിക്കാത്ത കുടുംബശ്രീ/ഓക്സിലറി/ കുടുംബാംഗങ്ങളായ സ്ത്രീകൾക്ക് അപേക്ഷിക്കാം. 3 വർഷമാണ് ഐഎഫ്സി പദ്ധതിയുടെ കാലാവധി. ഈ കാലയളവിൽ ഓരോ വർഷവും അപ്രൈസൽ നടത്തി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് തുടർ നിയമനം നൽകും. കോതമംഗലം, കൂവപ്പടി, മൂവാറ്റുപുഴ, ആലങ്ങാട്, വടവുകോട്, അങ്കമാലി എന്നീ ബ്ലോക്കുകളിലാണ് നിയമനം. അപേക്ഷകർ മുകളിൽ പരാമർശിച്ചിരിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങളിൽ താമസിക്കുന്നവരായിരിക്കണം.

## ജോലി ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനത്തിൽ മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഓപ്പൺ വിഭാഗത്തിന് സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് (ശമ്പളം 77200140500) നിലവിലുണ്ട്. ഫസ്റ്റ്ക്ലാസ് ബിടെക്/ബിഇ മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബിരുദം, എംബിഎ(എച്ച് ആർ)/പിജിഡിഎം (റഗുലർ കോഴ്സ്) എന്നീ യോഗ്യതകളും ഒരു അംഗീകൃത വ്യവസായ സ്ഥാപനത്തിൽ 8 വർഷത്തെ പ്രവൃത്തി പരിചയവും (മാനേജീരിയൽ കേഡറിൽ 5 വർഷത്തെ പ്രവൃത്തി പരിചയം) ഉള്ള 1845 പ്രായപരിധിയിലുള്ള (ഇളവുകൾ അനുവദനീയം) തല്പരരായ ഉദ്യോഗാർത്ഥികൾ ജൂലൈ 10നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം.

## എ.എൻ.എം കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലെ പാലക്കാട് പെരിങ്ങോട്ടുകുറുശ്ശി ഗവ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിങ് ട്രെയിനിങ് സെന്ററിൽ 20242026 വർഷത്തെ എ.എൻ.എം കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ സ്ഥിരതാമസക്കാരാകണം. പ്ലസ്ടു / തത്തുല്യ യോഗ്യതയുള്ള പെൺകുട്ടികൾക്ക് അപേക്ഷിക്കാം. മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം. 2024 ഡിസംബർ 31 ന് 17 വയസ്സ് തികയണം, 35 വയസ്സ് കവിയരുത്. ഉയർന്ന പ്രായപരിധിയിൽ ഒ.ബി.സി ക്കാർക്ക് മൂന്നും എസ്.സി/ എസ്.ടിക്കാർക്ക് അഞ്ചും വയസ്സ് ഇളവുണ്ട്. അപേക്ഷഫോമും പ്രോസ്പെക്ടസും www.dhs.kerala.gov.inൽ ലഭിക്കും. എസ്.സി / എസ്.ടിക്കാർക്ക് 75 രൂപയും മറ്റുള്ളവർക്ക് 200 രൂപയും 02108080088 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ഒറിജിനൽ ചലാൻ സഹിതം, പൂരിപ്പിച്ച അപേക്ഷ ജൂലൈ ആറിന് വൈകീട്ട് അഞ്ചിന് മുമ്പ് ഓഫീസിൽ നൽകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# ജീവ സംരക്ഷണ സന്ദേശ യാത്ര നാളെ

**കൊച്ചി.** ഓഗസ്റ്റ് 10 ന് തൃശ്ശൂരിൽ വെച്ച് നടക്കുന്ന ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന്റെ മുന്നോടിയായി കെ സി ബി സി പ്രോ ലൈഫ് സമിതി നടത്തുന്ന കേരള മാർച്ച് ഫോർ ലൈഫ് ജീവ സംരക്ഷണ സന്ദേശ യാത്ര കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് നിന്നും ജൂലൈ രണ്ടിന് ആരംഭിക്കും.പടന്നക്കാട്ഗുഡ് ഷെപ്പേർഡ് ചർച്ചിൽ വച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ കെ സി ബി സി പ്രോലൈഫ് സമിതിയുടെയുംഫാമിലി കമ്മീഷന്റെയും ചെയർമാൻ ബിഷപ്പ് ഡോ .പോൾ ആൻറണി മുല്ലശ്ശേരി അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വെച്ച് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാമ്പ്ളാനി ഉദ്ഘാടനം ചെയ്യും.കണ്ണൂർ രൂപത അധ്യക്ഷൻബിഷപ്പ് ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തും.കെ സി ബി സി പ്രോലൈഫ് സമിതിയുടെ ഡയറക്ടർ ഫാ. ക്ലീറ്റസ് വർഗീസ് കതിർപ്പറമ്പിൽ,തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺസഞ്ഞൂർ ഫാ. മാത്യു ഇളം തുരുത്തി പടവിൽ,,കെ സി ബി സി പ്രൊലൈഫ് സമിതി പ്രസിഡൻറ് ശ്രീ ജോൺസൺ ചൂരപ്പറമ്പിൽ ,ജനറൽ സെക്രട്ടറി ജയിംസ് ആഴ്ചങ്ങാടൻ,ആനിമേറ്റർമാരായ സാബു ജോസ്, ജോർജ് എഫ് സേവ്യാർ,സിസ്റ്റർ മേരി ജോർജ്, കണ്ണൂർ രൂപത കാഞ്ഞങ്ങാട് ഫൊറോന വികാരി പറവൽ ഫാദർ ആൻസിൽ പീറ്റർ, തലശ്ശേരി അതിരൂപത കാഞ്ഞങ്ങാട് ഫൊറോനാ വികാരി ട്രവറൽ ഫാദർ ജോർജ് കളപ്പുര,കണ്ണൂർ രൂപത ഫാദർ പീറ്റർ കനീഷ് ,തലശ്ശേരി അതിരൂപത തൈഫ് ഡയറക്ടർ റവറൽ ഫാദർ ജോബി കോ വാട്ട്,റവറൽ സിസ്റ്റർ ജോസ് കൈമ പറമ്പിൽ,ആൻറണി പത്രോസ്, മാർട്ടിൻ ന്യൂനസ്എന്നിവർ സംസാരിക്കും.

ജോയ്സ് മുക്കുടം അവതരിപ്പിക്കുന്ന പ്രോലൈഫ് മാജിക് ഷോയും ഉണ്ടായിരിക്കും. 14 ജില്ലകളിലെ 32 രൂപതകളിലൂടെ ജാഥ സഞ്ചരിക്കും. മുന്നോറോളം കേന്ദ്രങ്ങളിൽ പ്രൊ ലൈഫ് യോഗങ്ങൾ സംഘടിപ്പിക്കും. ആഗസ്റ്റ് 10 ന് ജീവസംരക്ഷണ സന്ദേശയാത്ര തൃശ്ശൂരിൽ സമാപിക്കും . കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മാർച്ച് ഫോർ ലൈഫും നടക്കും. ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം എന്ന മുദ്രാവാക്യവുമായി നടത്തുന്ന യാത്രയിൽ ജീവ സംരക്ഷണത്തിനായുള്ള ഒപ്പുശേഖരണവും ഉണ്ടായിരിക്കും.കൂടാതെ ജീവനെതിരെയുള്ള നിയമങ്ങൾ റദ്ദാക്കണമെന്നാ വശ്യപ്പെട്ടുകൊണ്ടുള്ള മാർച്ച് ഫോർ ലൈഫും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടക്കും.



# ഗ്രീൻലാം ഇൻഡസ്ട്രീസ് ഡിസ്പ്ലേ സെന്റർ കോഴിക്കോട്

**കൊച്ചി :** സർഫേസിംഗ് സാമഗ്രികളുടെ ലോകത്തെ മികച്ച മൂന്ന് നിർമ്മാതാക്കളിലൊന്നായ ഗ്രീൻലാം ഇൻഡസ്ട്രീസ്, ഈയിടെ തങ്ങളുടെ ആദ്യ എക്സ്ക്ലൂസീവ് ഡിസ്പ്ലേ സെന്ററായ കാലിറ്റി ഡോർസ് ആൻഡ് പ്ലൈവുഡ്സ് ഷോറൂം കോഴിക്കോട് പാളയം പുതിയപാലത്ത് പ്രവർത്തനം ആരംഭിച്ചു. മികാസ ഡോർസ് & ഫ്രെയിംസിന്റെ എക്സ്ക്ലൂസീവ് ശ്രേണി ഈ ഡിസ്പ്ലേ സെന്ററിൽ ലഭ്യമായിരിക്കുമെന്നും അധികൃതർ അറിയിച്ചു.

# ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ശ്യാം ശ്രീനിവാസന്



**കൊച്ചി:** സംസ്ഥാനത്തെ ബിസിനസ് രംഗത്ത് തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു. ധനം ബിസിനസ് മീഡിയയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടന്ന ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ് 2024ൽ വെച്ച് ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്റ്ററും സിഇഒയുമായ ശ്യാം ശ്രീനിവാസന് ടാറ്റ സ്റ്റീൽ ഗ്ലോബൽ സി ഇ ഒ ടി വി നരേന്ദ്രൻ സമ്മാനിച്ചു.

ധനം ബിസിനസ്മാൻ ഓഫ് ദി ഇയർ പുരസ്കാരം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് ടി വി നരേന്ദ്രനിൽ നിന്നും ഏറ്റുവാങ്ങി.ജിയോജിത് ഫിനാൻഷ്യൽ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്റ്റർ എ ബാലകൃഷ്ണന് ധനം ബിസിനസ് പ്രൊഫഷണൽ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കപ്പെട്ടു. ധനം എസ്എംഇ എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം സ്പിന്നർ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്റ്റർ പി ജെ ജോർജ്കുട്ടി, ധനം വുമൺ എന്റർപ്രണർ ഓഫ് ദി ഇയർ അവാർഡ് നെസ്റ്റ് ഡിജിറ്റൽ എക്സിക്യൂട്ടീവ് ഡയറക്റ്റർ നസ്നീൻ ജഹാംഗീർ, ധനം സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ അവാർഡ് സൈലം ലേണിംഗിന് വേണ്ടി സ്ഥാപകൻ ഡോ. എസ് അനന്തു എന്നിവർ ടി വി നരേന്ദ്രനിൽ നിന്ന് ഏറ്റുവാങ്ങി.കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടന്ന സമിറ്റിൽ ടി വി നരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. രാജ്യാന്തര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധൻ അദിത്യ ബെർലിയയുടെ മാസ്റ്റർ ക്ലാസും ഡിജിറ്റൽ യുഗത്തിലെ ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തന്ത്രങ്ങളെ കുറിച്ച് പാനൽ ചർച്ചയും ഇതോടനുബന്ധിച്ച് നടന്നു.

## രാത്രി വൈകിയുള്ളഭക്ഷണം: പരമാധി ശ്രദ്ധവേണം

**കൊച്ചി:** രാത്രി വൈകി ഭക്ഷണം കഴിക്കുമ്പോൾ പരാമവധി ശ്രദ്ധ വേണമെന്ന് പ്രശസ്ത ന്യൂട്രീഷനിസ്റ്റ് രോഹിണി പാട്ടീൽ. രാത്രി ഭക്ഷണങ്ങളിൽ അനാരോഗ്യകരമായ ഓപ്ഷനുകൾ തിരഞ്ഞെടുക്കുന്നത് ശരീരഭാരം, പോഷണപരിണാമ പ്രശ്നങ്ങൾ, ദഹന പ്രശ്നങ്ങൾ എന്നിവയിലേക്ക് നയിച്ചേക്കാം. രാത്രിയിലെ ലഘുഭക്ഷണത്തിനായി ബദാം, ഗ്രീക്ക് യോഗേർട്ട്, ചെറി തക്കാളി, കോട്ടേജ് ചീസ്, വേവിച്ച മുട്ട, കിവി എന്നിവ തിരഞ്ഞെടുക്കുന്നത് വിശപ്പിനെ തൃപ്തിപ്പെടുത്താനും, ശരീരഭാരം കുറയ്ക്കാനും സഹായിക്കുമെന്നും അവർ പറഞ്ഞു. പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ തടയുന്നതിനും, അനാവശ്യമായ വണ്ണം വർധിക്കുന്നത് ഒഴിവാക്കാനും ബദാം സഹായിക്കും. 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമാണ് ബദാം. മഗ്നീഷ്യം അടങ്ങിയിട്ടുള്ളതിനാൽ ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും ബദാം സഹായിക്കും. ഗ്രീക്ക് യോഗേർട്ടിലെ അമിനോ ആസിഡ് ട്രിപ്റ്റോഫാൻ നല്ല ഉറക്കത്തെ പ്രോത്സാഹിപ്പിക്കും. കലോറി കുറവായതിനാൽ രാത്രി വൈകിയുള്ള ലഘുഭക്ഷണത്തിനുള്ള മികച്ച തിരഞ്ഞെടുപ്പായിരിക്കും കോട്ടേജ് ചീസ്. വിറ്റാമിനുകൾ, ധാതുക്കൾ, നാരുകൾ എന്നിവയാൽ സമ്പുഷ്ടമായ കലോറി കുറഞ്ഞ പഴമാണ് കിവി. ഉയർന്ന പ്രോട്ടീനും കുറഞ്ഞ കലോറിയുമുള്ള ഒരു സൗകര്യപ്രദമായ ഭക്ഷണ ഓപ്ഷനാണ് വേവിച്ച മുട്ടകളെന്നും അവർ പറഞ്ഞു.

# പക്ഷിചിത്ര പ്രദർശനം സമാപിച്ചു; മമ്മൂട്ടി എടുത്ത ചിത്രം ലേലത്തിൽ വിറ്റത് 3 ലക്ഷം രൂപയ്ക്ക്

**കൊച്ചി:** ബഹുമുഖവിഷയങ്ങളിൽ പാണ്ഡിത്യമുണ്ടായിരുന്ന പ്രതിഭയായിരുന്നു കേരളത്തിലെ പക്ഷികളുടെ രചയിതാവായ കെ കെ നീലകണ്ഠൻ എന്ന ഇന്ദുചൂഡനെന്ന് പ്രൊഫ എം കെ സാനു. ഇന്ദുചൂഡൻ ഫൗണ്ടേഷൻ സംഘടിപ്പിച്ച പക്ഷിചിത്ര പ്രദർശനത്തിന്റെ സമാപനദിനമായ ഞായറാഴ്ച ദർബാർ ഹാളിൽ പ്രസംഗിക്കുകായിരുന്നു അദ്ദേഹം. മഹാരാജാസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായി വന്ന ദിവസം മുതൽ നീലകണ്ഠനെ പരിചയമുണ്ടായിരുന്നു. നീലകണ്ഠന്റെ വീട്ടിൽച്ചെന്നപ്പോൾ മരംകൊത്തിയെപ്പറ്റിയുള്ള ഗഹനമായ ഒരു ഇംഗ്ലീഷ് പുസ്തകം മേശപ്പുറത്തു കണ്ടു. അതിനെപ്പറ്റി ചോദിച്ചപ്പോൾ മാത്രമാണ് കേരളത്തിലെ പക്ഷികൾ എഴുതിയ ഇന്ദുചൂഡൻ താനാണെന്ന് നീലകണ്ഠൻ പറഞ്ഞത്. സ്വന്തം മികവുകൾ വിളിച്ചു പറയാതെ ഒളിച്ചുവെക്കുന്ന അപൂർവം മനുഷ്യരിലൊളായിരുന്നു നീലകണ്ഠൻ. അധ്യാപകരുടെ സാഹിത്യഗ്രൂപ്പുകളിൽ ഞങ്ങൾ ഒരുപാട് ചർച്ചകൾ നടത്തി. ഷേക്സ്പിരിയൻ ട്രാജഡീസ് എന്ന നീലകണ്ഠന്റെ ഉപന്യാസം ഇപ്പോഴും ഓർക്കുന്നു. ആ വിഷയത്തിൽ ഗ്രൂപ്പിൽ വന്ന ഏറ്റവും മികച്ച കൃതിയായിരുന്നു അത്. കേരളത്തിലെ പക്ഷികളുടെ ചിത്രപ്രദർശനം ഇന്ദുചൂഡന്റെ മഹത്വത്തിന്റെ പുനർജന്മത്തിന്



വഴിതുറക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ദുചൂഡന്റെ സുവിശേഷം പ്രചരിപ്പിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് ഫൗണ്ടേഷൻ സംഘാടകരിലൊരാളായ വി കെ ശ്രീരാമൻ പറഞ്ഞു. ഇന്ദുചൂഡന്റെ ജീവചരിത്രകാരനും സന്തതസഹചാരിയുമായിരുന്ന സുരേഷ് ഇളമൺ, പ്രദർശനത്തിന്റെ ക്യൂറേറ്റർമാരിലൊരാളായ എം രാമചന്ദ്രൻ എന്നിവരും പ്രസംഗിച്ചു.ചലച്ചിത്രതാരം മമ്മൂട്ടിയും പക്ഷിച്ചിത്രങ്ങളെടുക്കുന്നതിൽ ലോകപ്രശസ്തയായ ജെയിനി കുര്യാക്കോസുമടക്കം ഇരുപത്തിമൂന്നു ഛായാഗ്രാഹകന്മാരുടെ 61 ഫോട്ടോകളാണ് പ്രദർശനത്തിലുണ്ടായിരുന്നത്.

മമ്മൂട്ടി എടുത്ത ഇലത്തുമ്പിൽ വിശ്രമിക്കുന്ന നാട്ടുബുൾബുളിന്റെ മനോഹരചിത്രം ഫൗണ്ടേഷന്റെ ധനശേഖരണാർത്ഥം ലേലത്തിൽ വിറ്റു. ഒരു ലക്ഷം രൂപ അടിസ്ഥാനവിലയിട്ട ചിത്രം കോട്ടയ്ക്കൽ സ്വദേശിയും ലീന ഗ്രൂപ്പ് കമ്പനികളുടെ ചെയർമാനുമായ അച്ചു ഉള്ളാട്ടിലാണ് മൂന്നു ലക്ഷം രൂപയ്ക്ക് ലേലത്തിൽ പിടിച്ചത്. ചിത്രം ഫൗണ്ടേഷൻ സംഘാടകനായ വി കെ ശ്രീരാമൻ അച്ചു ഉള്ളാട്ടിലിന്റെ പ്രതിനിധി രാമചന്ദ്രനു കൈമാറി.

# പ്രവാസി ലീഗൽ സെൽ പുരസ്ക്കാരം ഡോ.എ എ ഹക്കിമിന്

**കൊച്ചി :** പ്രവാസി ലീഗൽ സെല്ലിൻറെ ഈ വർഷത്തെ വിവരാവകാശ പുരസ്കാരംകേരള വിവരാവകാശ കമ്മീഷണർഡോ. എ.എ.ഹക്കിമിന്. വിവരാവകാശ നിയമത്തിന്റെ വ്യാപ്തി വിപുലമാക്കുകയും ജനപക്ഷത്തുനിന്ന് നിയമത്തെ വ്യാഖ്യാനിക്കുകയും രചനാത്മകമായ വിധിന്യായങ്ങളിലൂടെ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ് കമ്മീഷ്ണർ എന്ന നിലയിലുള്ള ഡോ. ഹക്കിമിൻറെ പ്രവർത്തനമെന്ന് വിധി നിർണ്ണയ സമിതി വിലയിരുത്തി..



പുരസ്കാരം ആഗസ്റ്റ് ആദ്യവാരം കേരളത്തിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് ഏബ്രാഹാം അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഭാവി കേരള നിർമ്മാണത്തിന് യുവജനങ്ങളുടെ സംഘടിത ശബ്ദം അനിവാര്യം : ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** സുസ്ഥിരവും ശോഭവനവുമായ ഭാവി കേരളം പണിയുന്നതിന് യുവജനങ്ങളുടെ സംഘടിത ശബ്ദം അനിവാര്യമാണെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. സംഘടിതമായി പ്രതികരിക്കുമ്പോൾ മാത്രമേ സാമൂഹികമാറ്റം സാധ്യമാകൂവെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ)

നടന്ന തിങ്ക് കേരള യൂത്ത് കോൺക്ലേവ് ഉദ്ഘാടനം ചെയ്യവെ അദ്ദേഹം പറഞ്ഞു. പുതുതലമുറ കേരളം വിട്ടുപോകുന്നതിന് പിന്നിലെ കാരണങ്ങൾ വിശദമായി പഠിക്കണം. ഏകദേശം 75 ലക്ഷത്തോളം പേർ ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തൊഴിൽ ചെയ്യുന്നുണ്ട്. ജോലിയോടുള്ള മലയാളികളുടെ മനോഭാവത്തിലാണ് മാറ്റം വേണ്ടത്.തെരുവുകളിൽ ഏത് സമയത്തും സ്ത്രീകൾക്ക് ഒറ്റക്ക് നടക്കാനുള്ള സ്ഥിതിയുണ്ടാകണം. കുറ്റകൃത്യങ്ങൾ കുറക്കാൻ ശിക്ഷ മാത്രമല്ല, ബോധവൽകരണം കൂടി ആവശ്യമാണ്. മറ്റുള്ളവരെ മുൻവിധിയോടെ നോക്കിക്കാണുന്ന രീതിയിൽ മാറ്റം വേണം. സമൂഹത്തിൽ ഒരു തിരുത്തൽ ശക്തിയായി മാറാൻ യുവജനങ്ങൾ മുന്നോട്ട് വരണമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സാമൂഹിക മാറ്റങ്ങളുടെ ചാലകശക്തി യുവത്വമാണെന്ന് അദ്ദേഹം പറഞ്ഞു.'സ്വപ്ന കേരളം സാധ്യമാണ്' എന്ന പ്രമേയത്തിലാണ് തിങ്ക് കേരള കോൺക്ലേവ് നടന്നത്. രണ്ടായിരത്തിലധികം അപേക്ഷകരിൽ നിന്നും തിരഞ്ഞെടുത്ത 18നും 30നുമിടയിലുള്ള മുന്നൂറ് പേർ പങ്കെടുത്തു. വ്യത്യസ്ത വിഷയങ്ങളിൽ വിവിധ മേഖലകളിലെ പ്രഗൽഭർ ആശയസംവാദം നടത്തി.ഉന്നതവിദ്യാഭ്യാസരംഗം ലോകനിലവാരത്തിലെത്തിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതികളുണ്ടാകണമെന്ന് കോൺക്ലേവിൽ അഭിപ്രായമുയർന്നു. വിദ്യാഭ്യാസ യോഗ്യതകൾക്കനുസരിച്ചുള്ള ജോലി ലഭിക്കാത്തതും മതിയായ വേതനമില്ലാത്തതും ഒരു പ്രതിസന്ധിയാണ്. സംരംഭകത്വം, കൃഷി തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്താൻ യുവജനങ്ങൾ തയ്യാറാകണം. പുതിയ തലമുറ, സാമൂഹികമായ മുൻധാരണകളെ തിരുത്തി മുന്നോട്ട് പോകാനുള്ള കരുത്ത് നേടണമെന്നും യൂത്ത് കോൺക്ലേവിൽ നടന്ന സംവാദങ്ങളിൽ അഭിപ്രായമുയർന്നു.

ടെക്നോപാർക് സ്ഥാപക സിഇഒ ജി വിജയരാഘവൻ, മുരളി തുമ്മാരുകുടി, പ്രശാന്ത് നായർ ഐഎഎസ്, സന്തോഷ് ജോർജ് കുളങ്ങര, പ്രൊഫ. അച്യുത് ശങ്കർ, അഡ്വ. പാർവതി മേനോൻ, ശ്രീജിത് പണിക്കർ, രമേശ് പിഷാരടി, ഷെഫ് സുരേഷ് പിള്ള, സുജ ചാണ്ടി, കൃഷ്ണകുമാർ കെ ടി, ഡോ അനന്തു, അഡ്വ. ഒഎം ശാലിന, അഭിലാഷ് പിള്ള എന്നിവർ സംവാദത്തിൽ പങ്കെടുത്തു.




# ഐസിഎഐ ദ്വിദിന കോർപ്പറേറ്റ് നിയമ ദേശീയ സമ്മേളനം നടത്തി

**കൊച്ചി:** ഐസിഎഐയുടെ കോർപ്പറേറ്റ് ലോ ആൻഡ് കോർപ്പറേറ്റ് ഗവേണൻസ് കമ്മിറ്റി സംഘടിപ്പിച്ച കോർപ്പറേറ്റ് നിയമങ്ങളെ കുറിച്ചുള്ള ദേശീയ സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു. കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചുമതലയുള്ള രജിസ്ട്രാർ ഓഫ് കമ്പനീസും കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൻറെ കേരള ഹൈക്കോടതി ഒഫീഷ്യൽ ലികിഡേറ്ററുമായ വി.എം പ്രശാന്ത് മുഖ്യാതിഥിയായിരുന്നു. ചാർട്ടേർഡ് അക്കൗണ്ടന്റുമാർ കോർപ്പറേറ്റ് നിയമങ്ങളെ കുറിച്ച് ആഴത്തിൽ അറിഞ്ഞിരിക്കണമെന്നും പേപ്പർ വർക്കുകളിൽ അങ്ങേയറ്റം സൂക്ഷ്മത പുലർത്തണമെന്നും വി.എം പ്രശാന്ത് ഓർമ്മിപ്പിച്ചു. ഐസിഎഐ സെൻട്രൽ കൗൺസിൽ അംഗവും കോർപ്പറേറ്റ് ലോസ് ആൻഡ് കോർപ്പറേറ്റ് ഗവേണൻസ് കമ്മിറ്റി വൈസ് ചെയർപേഴ്സണുമായ കെ.ശ്രീപ്രിയ അധ്യക്ഷയായിരുന്നു. മുൻ സെൻട്രൽ കൗൺസിൽ അംഗം ബാബു എബ്രഹാം കള്ളിവയലിൽ, ഐസിഎഐ എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ എ.സലിം, സെക്രട്ടറി ജോബി ജോർജ് എന്നിവർ പ്രസംഗിച്ചു. വിവിധ സാങ്കേതിക സെഷനുകളിൽ കമാൽ ഗാർഗ് (ന്യൂഡൽഹി), കെ.ശ്രീപ്രിയ), ഡോ. ചിന്നസ്വാമി ഗണേശൻ (ചെന്നൈ) വിവേക് അഗർവാൾ (കൊൽക്കത്ത), ബേബി പോൾ(എറണാകുളം), നിപുൻ സിംഗ് വി (അഹമ്മദാബാദ്) എന്നിവർ ഇന്ന് വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തി.

# ബൻസാൽ വയർ ഇൻഡസ്ട്രീസ് ഐപിഒ ജൂലൈ 3 മുതൽ

**കൊച്ചി:** ബൻസാൽ വയർ ഇൻഡസ്ട്രീസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ജൂലൈ 3 മുതൽ 5 വരെ നടക്കും. 745 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 243 രൂപ മുതൽ 256 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 58 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 58ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

# കുസാറ്റ് ഹിന്ദി വകുപ്പിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഹിന്ദി വകുപ്പിൽ 2024 എം.എ ഹിന്ദി കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 06 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റിൻറെ ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് മുൻഗണ. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 ന് മുമ്പ് ഹിന്ദി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04842862500, 9446428447, 9895664682 എന്ന നമ്പറുകളിലോ hodhindi@cusat.ac.in എന്ന മെയിലിലോ ബന്ധപ്പെടുക.

